# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3734 — 14.03.2017 — ൽ മറുപടിക്ക്

## ദേശീയ ഭക്ഷ്യഭദ്രതാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. ജോർജ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും എന്തൊക്കെ എന്ന് വിശദമാക്കാമോ? | (എ) ജനങ്ങൾക്ക് പര്യാപ്തമായ അളവിൽ ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ താങ്ങാനാകുന്ന വിലയിൽ യഥാർത്ഥ ഗുണഭോക്താവിന് ലഭ്യമാക്കുന്നത് ഉറപ്പ് വരുത്തുക വഴി മനുഷ്യകാലചക്ര വ്യവസ്ഥയ്ക്ക് അനുസൃതമായി പോഷകാഹാര ഭദ്രത ഓരോ വ്യക്തിക്കും പ്രാപ്യമാക്കുന്നതിനും അപ്രകാരം ആരോഗ്യകരമായ ജീവിതം സാധ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുമായുള്ള ഒരു നിയമമാണ് 2013 ൽ കേന്ദ്ര സർക്കാർ പാസ്സാക്കിയ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം.<br>ഈ നിയമം നടപ്പാക്കുന്നതിനായി അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ (identification of priority households), വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door steps delivery), റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation), പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism) എന്നിങ്ങനെ നാല് പ്രധാന കാര്യങ്ങളാണ് ചെയ്തു തീർക്കേണ്ടത്.<br>ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പാക്കുമ്പോൾ റേഷൻ കടകൾ വഴിയുള്ള റേഷൻ വിതരണം ഇ-പോസ് മെഷീൻ വഴി ആധാർ അധിഷ്ഠിത കാർഡുകളിലൂടെയും ബയോമെട്രിക് രീതിയിലുള്ള തിരിച്ചറിയൽ മുഖേനയും യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനാൽ റേഷൻ വിതരണത്തിൽ ക്രമക്കേടുകൾ നടത്തുവാൻ സാധിക്കുന്നതല്ല. കൂടാതെ റേഷൻ ഡിപ്പോകളിൽ സ്റ്റോക്ക് എത്തിച്ചേരുമ്പോഴും കാർഡ് ഉടമയുടെ പേരിൽ ബില്ല് ചെയ്യുമ്പോഴും എസ്.എം.എസ്. സംവിധാനം മുഖേന കാർഡുടമക്ക് അറിയിപ്പ് നൽകുന്നത് വഴി റേഷൻ സാധനങ്ങളുടെ ദുരുപയോഗം തടയാൻ സാധിക്കുന്നതാണ്. തികച്ചും സുതാര്യവും കാര്യക്ഷമവുമായ റേഷൻ സംവിധാനം ഇതിലൂടെ നിലവിൽ വരും. |

സെക്ഷൻ ഓഫീസർ